**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3367** | **14/3/2018-ൽ മറുപടിക്ക്**

**ഡ്രഗ്സ് കൺട്രോൾ സൊസൈറ്റി**

**ചോദ്യം**

**ശ്രീ.ഡി.കെ. മുരളി**
**,, വി. അബ്ദുറഹിമാൻ**
**,, എ.എം. ആരിഫ്**
**,, പുരുഷൻ കടലുണ്ടി**

എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കാമോ;

ബി) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനായി പ്രസ്തുത സൊസൈറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

സി) നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ;

ഡി) ലഹരിയ്ക്കായി ഉപയോഗിക്കുന്ന അലോപ്പതി മരുന്നുകൾ മരുന്നു വ്യാപാര സ്ഥാപനങ്ങൾ മുഖേന വിൽക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) യും ബി) യും: സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ സൊസൈറ്റി നിലവിലില്ല. ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് നിലവിലുള്ളത്. അവശ്യമരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരം ദേശീയ ഔഷധവില നിയന്ത്രണ അതോറിറ്റിയ്ക്കാണ്. പ്രസ്തുത വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നു വിൽക്കുന്നില്ല എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്.

സി) നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പുമായി ചേർന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംയുക്ത പരിശോധന നടത്താറുണ്ട്.

ഡി) സൈക്കോട്രോപ്പിക് സബ്സ്റ്റൻസുകളിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള മരുന്നുകളെ ഷെഡ്യൂൾ എച്ച്1 എന്ന പ്രത്യേക പട്ടികയിൽ ഉൾപ്പെടുത്തി ഇവയുടെ വിതരണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഡോക്ടറുടെ കുറിപ്പടിപ്രകാരം മാത്രമേ ഇത്തരം മരുന്നുകൾ വിപണനം ചെയ്യാൻ പാടുള്ളൂ. കൂടാതെ ഇവയുടെ വിൽപ്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ വേണമെന്നും നിയമം നിഷ്കർഷിച്ചിട്ടുണ്ട്. പരിശോധനാ വേളകളിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പ്രസ്തുത രജിസ്റ്ററുകൾ പരിശോധിക്കുകയും നിയമ ലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആയതുകൊണ്ട് തന്നെ ഇത്തരം മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആർക്കും എളുപ്പത്തിൽ ലഭ്യമാകുന്ന സാഹചര്യം നിലവിലില്ല.

**സെക്ഷൻ ഓഫീസർ**